പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്നവരുടെ വായ്പാക്കുടിശ്ശിക എഴുതിത്ത ള്ളുവാനുള്ള പദ്ധതിപ്രകാരം എത്രപേരുടെ കുടിശ്ശിക എഴുതിത്തള്ളിയിട്ടു  ണ്ടെന്നും ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കുകളും വ്യക്തമാക്കുമോ ?

ഉത്തരം

വായ്പ എഴുതിത്തള്ളൽ പദ്ധതിപ്രകാരം 25,000 രൂപവരെയുള്ളതും 50,000 രൂപ വരെയുള്ളതുമായ വായ്പകൾ എഴുതിത്തള്ളുന്നതിനും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനുമായി വിവിധ സർക്കാർ വകുപ്പുകൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയ്ക്ക് അനുവദിച്ച തുകയുടെ കണക്കുകൾ അനുബന്ധം I ആയി ചേർക്കുന്നു. വ്യവസായ വാണിജ്യ വകുപ്പ് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് എന്നിവിടങ്ങളിൽ വായ്പ എഴുതിത്തള്ളിയത് സംബന്ധിച്ച ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം II ആയും ചേർക്കുന്നു.* പട്ടികജാതി വികസന വകുപ്പ്, സഹകരണ സംഘം രജിസ്ട്രാർ, പട്ടികജാതി/പട്ടികവർഗ്ഗ കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.*

പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠിക്കുന്നതിന് ധനസഹായം

286 (927) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് രാജ്യത്തിന് പുറത്തുപോയി പഠിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നിലവി ലുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എത്ര വിദ്യാർത്ഥികൾക്ക് ഇപ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും എത്ര രൂപയാണ് ധനസഹായമായി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) വിദേശത്തുപോയി പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഗൈഡൻസ് നൽകുന്ന പദ്ധതി നിലവിലുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് രാജ്യത്തിന് പുറത്തുപോയി പഠിക്കുന്നതിന് വകുപ്പിൽനിന്നും വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നുണ്ട്. വിദേശ പഠനം നടത്തുന്ന വിദ്യാർത്ഥി വിദ്യാഭ്യാസാ നുകൂല്യത്തിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷയുടെ മെറിറ്റ് പരിഗണിച്ചാണ് തീരുമാനമെടുക്കുന്നത്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിദേശത്തുപോയി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വകുപ്പിൽനിന്നും വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി മൂന്ന് വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

Page 2 of 2

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | Harikrishnan P.K,Lanccaster University, U.K | 10,60,400 |
| 2 | Thejlal.N.SDundee University, Scotland. | 3,02,549 |
| 3 | Babu Roshan,Padmanabhan University of Mediterranean, France | 1,12,832 |

(സി) ഇല്ല. ആവശ്യമാകുന്ന പക്ഷം നടപടി സ്വീകരിക്കുന്നതാണ്.

### പട്ടികവിഭാഗ ഗവേഷക വിദ്യാർത്ഥികൾക്കുള്ള ഫെല്ലോഷിപ്പ്

287 (928) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാല പഠനവകുപ്പുകളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗവേഷണ വിദ്യാർത്ഥികളുടെ ഫെലോഷിപ്പ് റിന്യുവൽ, ഫെലോഷിപ്പ് എന്നിവയ്ക്കായി 1-6-2013 മുതൽ 31-5-2014 വരെ ലഭിച്ച അപേക്ഷകൾ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷപ്രകാരം എത്ര വിദ്യാർത്ഥികൾക്ക് ഏതു മാസം വരെയുള്ള സ്കോളർഷിപ്പ് നൽകിയെന്ന് വ്യക്തമാക്കുമോ ;

(സി) സ്കോളർഷിപ്പ് നൽകാൻ ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം എത്രയെന്ന് പറയാമോ ?

<u>ഉത്തരം</u>

(എ) 125 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 4-6-2014 വരെ പട്ടികജാതി വികസന ഡയറക്ടറേറ്റിൽ ലഭിച്ച 93 വിദ്യാർത്ഥികളുടെ എല്ലാ ക്ലെയിമുകളും വിതരണം ചെയ്തിട്ടുണ്ട്.

(സി) ബാക്കിയുള്ള 32 അപേക്ഷകളിൽ 6 എണ്ണം അപൂർണ്ണമായതിനാലും 26 എണ്ണം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ക്ലെയിം ലഭിക്കാത്തതിനാലും സ്കോളർഷിപ്പ് നൽകാൻ കഴിയാതെ അവശേഷിക്കുന്നുണ്ട്.

### പട്ടിക സമുദായത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ പുരോഗതി

288 (929) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly